0081598

**K19U 2570**

Reg. No. : ..........................................

Name : ..........................................

**III Semester B.A. Degree (CBCSS - Reg./Sup./Imp.) Examination, November - 2019**
**(2017 Admn. Onwards)**
**CORE COURSE IN MALAYALAM**
**3B04 MAL : മലയാള സാഹിത്യ വിമർശനം**

സമയം : 3 മണിക്കൂർ　　　　　　　　　　　　　　　　　　　　　　　മാർക്ക് : 40

**I.** 300 വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1. കാളിദാസനെ കാലത്തിന്റെ ദാസനായി അവതരിപ്പിക്കുന്നതിലൂടെ സ്ത്രീപക്ഷസാഹിത്യ നിരൂപണത്തിന് ആരംഭം കുറിക്കുകയാണ് മുണ്ടശ്ശേരി ചെയ്തത്. - ചർച്ചചെയ്യുക.
2. ഫെമിനിസ്റ്റ് സാഹിത്യനിരൂപണത്തെപ്പറ്റി ഉപന്യസിക്കുക.
3. കലാകാരന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് കെ. പി. അപ്പൻ വാദിക്കുന്നതെങ്ങനെ?
4. 'ചിന്താവിഷ്ടയായ സീത' വാൽമീകിരാമയണത്തോട് നീതിപുലർത്തുന്നുവെന്ന അഴീക്കോടിന്റെ വാദം വിശകലനം ചെയ്യുക.

**II.** നൂറ്റമ്പത് വാക്കിൽ കവിയാതെ ആറ് ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. **(4×3=12)**

5. ആത്മാനുഭൂതി മുന്നിട്ടുനിൽക്കുന്ന വിമർശനമാണ് മാരാരുടേത് അർജ്ജുനവിഷാദയോഗത്തെ ആസ്പദമാക്കി പരിശോധിക്കുക.
6. 'കവികൾ നിരൂപകരാകുമ്പോൾ' എന്ന ലേഖനത്തിൽ പരാമർശിക്കപ്പെടുന്ന വിമർശകരെ പരിചയപ്പെടുത്തുക.
7. സാഹിത്യകൃതികളിൽ സാമൂഹികതയുടെ പ്രാധാന്യത്തിലൂന്നി വിമർശനം നടത്തിയ ആളാണ് ജോസഫ് മുണ്ടശ്ശേരി, വിലയിരുത്തുക.

8. 'അനുഭവ'ങ്ങളുടെ ആഖ്യാനത്തിന് പിറകിലുള്ള ദാർശനികപ്രശ്നങ്ങൾ നിരീക്ഷിക്കുക.

9. മാർത്താണ്ഡവർമ്മയെക്കുറിച്ച് പിൽക്കാല വിമർശകർ പറയുന്ന പല ആശയങ്ങളും കണ്ടെത്താൻ ആദ്യമേ കഴിഞ്ഞുവെന്നതാണ് സി. പി. അച്യുതമേനോന്റെ വിമർശനത്തിലെ ഔന്നത്യം. വിലയിരുത്തുക.

10. സമകാലീന കഥകളിലെ സൈബർ ഇടത്തെക്കുറിച്ച് ഉപന്യസിക്കുക.

**III.** നൂറു വാക്കിൽ കവിയാതെ ആറു ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. **(4×2=8)**

11. മാറിവരുന്ന കാവ്യാനുഭൂതിയുടെ ഉദാഹരണമായിരുന്നു പ്രാസവാദം - വിശദീകരിക്കുക.

12. മലയാളവിമർശനരംഗത്ത് നിറഞ്ഞുനിന്ന വ്യക്തിത്വമാണ് എം ലീലാവതിയുടേത് പരിശോധിക്കുക.

13. 'മാറുന്ന ഭാഷ മാറുന്ന ദർശനം തന്നെയാണ് ' എന്ന് കെ. പി. അപ്പൻ വിശദീകരിക്കുന്നതെങ്ങനെ?

14. 'കാളിദാസൻ സമനിലയിൽ നിന്നിരുന്ന സാമൂഹ്യ ജീവിതത്തിന്റെ ത്രാസ്സിൽ പുരുഷന്റെയും സ്ത്രീയുടെയും തട്ടുകൾ മേലും കീഴുമാക്കിക്കളഞ്ഞു.'പരിശോധിക്കുക

15. മലയാള സാഹിത്യ വിമർശനത്തിൽ പത്രമാസികകളുടെ പങ്ക് വിശദീകരിക്കുക.

16. 'ഭാരതകഥയുടെ അവസാനം അഗാധമായ വിഷാദത്തിലാണ്; യുദ്ധത്തിനു ശേഷമുള്ള എല്ലാ സംഭവങ്ങളും അതിനെ വളർത്തിക്കൊണ്ടു വരികയേ ചെയ്തിട്ടുള്ളൂ' വിശദമാക്കുക.

**IV.** ഒറ്റവാക്കിലോ വാക്യത്തിലോ ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(6×1=6)**

17. 'പ്രബോധകൻ' എന്ന മാസിക ആരംഭിച്ചതാര്?

18. 'ബൈബിൾ വെളിച്ചത്തിന്റെ കവചം' ആരുടെ കൃതിയാണ് ?

19. എ. ആർ. രാജരാജവർമ്മയെഴുതിയ നളചരിതവ്യാഖ്യാനം?



20. സൈബർ സ്പെയ്സ് എന്ന സംജ്ഞ അവതരിപ്പിച്ചതാര് ?

21. 'മാറ്റൊലി' എന്ന കൃതിയെഴുതിയതാര് ?

22. 'സാഹിത്യസാഹ്യം' എന്ന കൃതി എഴുതിയതാര് ?

23. കുമാരനാശാന്റെ 'കരുണ' യെ ഇകഴ്ത്താനായി 'കുചേല വൃത്തം വഞ്ചിപ്പാട്ടു'മായി താരതമ്യം ചെയ്ത നിരൂപകനാര് ?

24. 'ആഷാ മേനോൻ' എന്ന പേരിൽ നിരൂപണം എഴുതുന്നതാര്?

---